**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **19-09-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ ഹൈടെക് ലാബ് പദ്ധതിയും എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും നടപ്പിലാക്കി.<br>ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45000 സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗം ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു.<br>എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 117723 ലാപ്ടോപ്പ്, 68612 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 വൈറ്റ്സ്ക്രീൻ, 4545 ടെലിവിഷൻ (43”), 4611 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 എച്ച്.ഡി. വെബ്ക്യാം, 99141 യു.എസ്.ബി. സ്പീക്കർ എന്നീ ഉപകരണങ്ങളാണ് ഇതുവരെ വിതരണം ചെയ്തത്.<br>സെക്കന്ററി, ഹയർ സെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുന്നതിനായി 2023 ൽ 16500 ലാപ്ടോപ്പുകൾ കൂടി നൽകി. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ ഓരോ പാഠഭാഗത്തിനും അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ 'സമഗ്ര', 'സമഗ്രപ്ലസ്' പോർട്ടൽ മുഖേന ലഭ്യമാക്കി. പോർട്ടലിലെ ഡിജിറ്റൽ വിഭവങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തി ക്ലാസ് മുറികളിൽ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ അധ്യാപകർക്കും പ്രത്യേക പരിശീലനം നൽകി. |
| (ബി) | സ്കൂളുകളിലെ ഐ. സി. ടി. ലാബുകൾ, സ്മാർട്ട് ക്ലാസ് മുറികൾ, ഹൈ-സ്പീഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | കൈറ്റിന്റെ നേതൃത്വത്തിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ഐ.ടി. ലാബുകളും സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗം സ്കൂളുകളിൽ ഹൈടെക് ക്ലാസ് മുറികളും കിഫ്ബി ധനസഹായത്തോടെ സജ്ജമാക്കുകയും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ കേരളം രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി 2020 ഒക്ടോബർ 12 ന് ബഹു. കേരള മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു.<br>സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് കൈറ്റ് ബി.എസ്.എൻ.എൽ മുഖേന ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിരുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കെ-ഫോൺ പദ്ധതി പ്രകാരം ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കെ-ഫോൺ സൗകര്യം ലഭ്യമല്ലാത്ത സ്കൂളുകളിൽ ബി.എസ്.എൻ.എൽ, റെയിൽ നെറ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. |
| (സി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സഹായങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ഒരുപോലെ ഡിജിറ്റൽ പഠന സഹായങ്ങൾ ലഭ്യമാക്കുന്നതിനാണ് കിഫ്ബി ധനസഹായത്തോടെ കൈറ്റ് ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയത്. ഡിജിറ്റൽ വിടവ് ഇല്ലാതെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പ്രത്യേക സൗകര്യം ഒരുക്കാനുമായി വിദ്യാകിരണം പോർട്ടൽ (https://vidyakiranam.kerala.gov.in) തയ്യാറാക്കുകയും വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി 47673 ലാപ്ടോപ്പുകൾ സംസ്ഥാനത്ത് വിതരണം ചെയ്യുകയും ചെയ്തു. |
| (ഡി) | ഓൺലൈൻ പഠനത്തിനായി ഒരുക്കിയിട്ടുള്ള ഇ-ടെക്സ്റ്റ് ബുക്കുകൾ, വെബ്സൈറ്റുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയുടെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ ഇ-ടെക്സ്റ്റ് ബുക്ക് പതിപ്പുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 'സമഗ്ര പ്ലസ്' പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് പഠനാശയങ്ങൾ സ്വയം പഠിക്കുന്നതിനും വിലയിരുത്തുന്നതിനും സഹായിക്കുന്ന 'സമഗ്രപ്ലസ്' |

| | | | |
|---|---|---|---|
| | | | പഠനമുറി, ഭാഷാ വിഷയങ്ങളുടെ ഉള്ളടക്കങ്ങൾ ആസ്വദിച്ച് കേൾക്കുന്നതിനും പഠിക്കുന്നതിനുമുള്ള പോഡ്കാസ്റ്റ് സംവിധാനം, ചോദ്യശേഖരം തുടങ്ങിയവയും സമഗ്രപ്ലസ് പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ